എ.വൈ.ആർ


### സൂറഃ-9

# അത്തൗബ

111. സത്യവിശ്വാസികളിൽനിന്ന് അവരുടെ ദേഹവും ധനവും സ്വർഗത്തിനു പകരമായി അല്ലാഹു വിലയ്ക്കുവാങ്ങിയിരിക്കുന്നു. അതുകൊണ്ട് അവർ അല്ലാഹുവിന്റെ മാർഗത്തിൽ പോരാടുകയും അങ്ങനെ വധിക്കുകയും വധിക്കപ്പെടുകയും ചെയ്യുന്നു. അവർക്കു സ്വർഗമുണ്ടെന്ന കാര്യം തൗറാത്തിലും ഇഞ്ചീലിലും ഖുർആനിലും അവൻ ഏറ്റെടുത്തിട്ടുള്ള സത്യവാഗ്ദാനമാകുന്നു. അല്ലാഹുവിലുപരി വാക്കുപാലിക്കുന്നവനാരാണുള്ളത്?! ആകയാൽ നിങ്ങൾ നടത്തിയിട്ടുള്ള കച്ചവടത്തിൽ സന്തോഷിക്കുവിൻ. അത് മഹത്തായ നേട്ടം തന്നെയാകുന്നു.

۞ إِنَّ ٱللَّهَ ٱشْتَرَىٰ مِنَ ٱلْمُؤْمِنِينَ أَنفُسَهُمْ وَأَمْوَٰلَهُم بِأَنَّ لَهُمُ ٱلْجَنَّةَ
يُقَٰتِلُونَ فِى سَبِيلِ ٱللَّهِ فَيَقْتُلُونَ وَيُقْتَلُونَ ۖ وَعْدًا عَلَيْهِ حَقًّا فِى ٱلتَّوْرَىٰةِ
وَٱلْإِنجِيلِ وَٱلْقُرْءَانِ ۚ وَمَنْ أَوْفَىٰ بِعَهْدِهِۦ مِنَ ٱللَّهِ ۚ فَٱسْتَبْشِرُوا۟ بِبَيْعِكُمُ
ٱلَّذِى بَايَعْتُم بِهِۦ ۚ وَذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ ﴿١١١﴾

إِنَّ ٱللَّهَ = നിശ്ചയമായും അല്ലാഹു ٱشْتَرَىٰ = വിലയ്ക്കു വാങ്ങിയിരിക്കുന്നു مِنَ ٱلْمُؤْمِنِينَ = സത്യവിശ്വാസികളിൽനിന്ന്
أَنفُسَهُمْ = അവരുടെ ആത്മാവുകൾ, ദേഹങ്ങൾ وَأَمْوَٰلَهُم = അവരുടെ ധനങ്ങളും بِأَنَّ لَهُمُ = അവർക്ക് ഉള്ള(ഉണ്ട് എന്ന)തിനു പകരം
ٱلْجَنَّةَ = സ്വർഗം يُقَٰتِلُونَ = (അതുകൊണ്ട്) അവർ പോരാടുന്നു فِى سَبِيلِ ٱللَّهِ = അല്ലാഹുവിന്റെ മാർഗത്തിൽ
فَيَقْتُلُونَ = അങ്ങനെ അവർ വധിക്കുന്നു وَيُقْتَلُونَ = അവർ വധിക്കപ്പെടുകയും ചെയ്യുന്നു
وَعْدًا = വാഗ്ദാനമായിട്ട്(വാഗ്ദാനമാകുന്നു) عَلَيْهِ = അവന്റെ മേൽ(അവൻ ഏറ്റെടുത്തിട്ടുള്ള) حَقًّا = സത്യമായ
فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ وَٱلْقُرْءَانِ = തൗറാത്തിലും ഇഞ്ചീലിലും ഖുർആനിലും وَمَنْ = ആരാണുള്ളത് أَوْفَىٰ = ഏറെ പാലിക്കുന്നവനായി
بِعَهْدِهِۦ = തന്റെ വാഗ്ദാനം مِنَ ٱللَّهِ = അല്ലാഹുവിലുപരി, (അല്ലാഹുവിനെക്കാൾ) فَٱسْتَبْشِرُوا۟ = ആകയാൽ നിങ്ങൾ സന്തോഷിക്കുവിൻ
بِبَيْعِكُمُ = നിങ്ങളുടെ കച്ചവടത്തിൽ, വിൽപനയിൽ
ٱلَّذِى بَايَعْتُم بِهِۦ = യാതൊന്നാണോ നിങ്ങൾ വിറ്റിട്ടുള്ളത് അതിൽ (നടത്തിയിട്ടുള്ള കച്ചവടത്തിൽ) وَذَٰلِكَ هُوَ = അതുതന്നെയാകുന്നു
ٱلْفَوْزُ = വിജയം, നേട്ടം ٱلْعَظِيمُ = മഹത്തായ

**111:** സത്യവിശ്വാസികളും അല്ലാഹുവും തമ്മിലുള്ള ബന്ധം ലളിതമായ ഒരു ഉപമയിലൂടെ സ്പഷ്ടമാക്കുകയാണ് ഈ സൂക്തം. ഈമാനിന്റെ യാഥാർഥ്യവും, വിശ്വാസികളിൽനിന്ന് അല്ലാഹു യഥാർഥത്തിൽ ആവശ്യപ്പെടുന്നതെന്താണെന്നും ഇതു വ്യക്തമാക്കിത്തരുന്നു. അതോടൊപ്പം ഈ സൂറയുടെ മുഖ്യവിഷയമായ ജിഹാദ് എന്തുകൊണ്ട്, എങ്ങനെ വിശ്വാസിക

ളുടെ അനിഷേധ്യ ബാധ്യതയായിത്തീരുന്നു എന്നും.

വിശ്വാസികളും അല്ലാഹുവും തമ്മിലുള്ള ബന്ധത്തെ കച്ചവടക്കാരനും അയാളുടെ ഇടപാടുകാരനും തമ്മിലുള്ള ബന്ധത്തോടാണ് ഉപമിച്ചിരിക്കുന്നത്. വിശ്വാസിയുടെ അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ് (അല്ലാഹു അല്ലാതെ വേറെ ദൈവമേതുമില്ല) എന്ന ശഹാദത്തുകലിമയെ ഒരു കച്ചവടക്കരാറിനോടും ഉപമിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവല്ലാതെ ദൈവമില്ല എന്ന പ്രതിജ്ഞയുടെ താൽപര്യം, അല്ലാഹു ഉണ്ടെന്നും അവൻ ഏകനാണെന്നും അംഗീകരിക്കുന്നതിൽ അവസാനിക്കുന്നില്ല. അതിനു ജീവിതത്തെ മുഴുവൻ നിയന്ത്രിക്കുന്ന താൽപര്യങ്ങളുണ്ട്. അല്ലാഹു മാത്രമേ ദൈവമുള്ളൂ എങ്കിൽ, താനടക്കമുള്ള പ്രപഞ്ചമഖിലത്തിന്റെയും സ്രഷ്ടാവും ഉടമസ്ഥനും വിധാതാവും അവൻ മാത്രമാകുന്നു. സ്രഷ്ടാവിനോട് കൂറും വിധേയത്വവുമുള്ളവനായി വാഴുകയും അവന്റെ പ്രീതിക്കുതകുംവണ്ണം അവന്റെ വിധിവിലക്കുകളനുസരിക്കുകയും ചെയ്യുകയാണ് സൃഷ്ടിയുടെ ധർമം. തന്റെ യഥാർഥ ഉടമയും യജമാനനും അല്ലാഹുവാണെന്ന് മനസാവാചാകർമണാ അംഗീകരിക്കുകയാണ് വിശ്വാസ പ്രഖ്യാപനത്തിലൂടെ ദൈവദാസൻ ചെയ്യുന്നത്. ഈ സ്വയം വിൽപനക്ക് അല്ലാഹു വാഗ്ദാനം ചെയ്യുന്ന വിലയാണ് സ്വർഗം.

വിറ്റ വസ്തുവിൽ വിൽപനക്കാരന് പിന്നെ അധികാരമില്ല. വിറ്റശേഷവും അയാൾ അതു കൈവശംവെക്കുന്നുവെങ്കിൽ ക്രേതാവിന്റെ സമ്മതത്തോടെ അയാൾ നിശ്ചയിച്ച വ്യവസ്ഥകളനുസരിച്ചു മാത്രമായിരിക്കും. വിറ്റവസ്തു തന്നിഷ്ടപ്രകാരം കൈകാര്യം ചെയ്യുന്നത് കച്ചവടക്കരാറിന്റെ ലംഘനവും വഞ്ചനയുമാണ്. വിശ്വാസി അല്ലാഹുവിന് വിൽക്കുന്നത് അവന്റെ ആന്തരികവും ബാഹ്യവും, ആത്മീയവും ഭൗതികവുമായ എല്ലാം-അവനെ മുഴുവനുമാണ്. അതിനാൽ വിശ്വാസം കൈക്കൊള്ളുന്നതോടെ സ്വജീവിതത്തിന്റെ ഒരു കാര്യത്തിലും അവന്ന് സ്വന്തമായ പരമാധികാരമില്ലാതാകുന്നു. എല്ലാം തന്റെ ക്രേതാവായ അല്ലാഹുവിന്റെ ഇഷ്ടമനുസരിച്ചുവേണം കൈകാര്യം ചെയ്യാൻ.

വിശ്വാസിയും അല്ലാഹുവും തമ്മിൽ നടക്കുന്നത് ഏതെങ്കിലും ഒരു ഭൗതിക വസ്തുവിന്റെ ഇടപാടല്ല. ആയിരുന്നുവെങ്കിൽ അതുകൈമാറുന്നതോടെ ആ ഇടപാട് അവസാനിക്കുമായിരുന്നു. വിശ്വാസി വിൽക്കുന്നത് അവനെത്തന്നെയാണ്. എന്നുവെച്ചാൽ, അവന്റെ കഴിവുകളും യോഗ്യതകളും കർമശേഷിയുമാണ്. അതൊരു സേവന ഇടപാടാണ്. വിശ്വാസി ജീവിച്ചിരിക്കുന്നേടത്തോളം കാലം അവന്റെ സേവന ശേഷിയത്രയും അല്ലാഹു വാങ്ങിയിരിക്കുന്നു. അതിനാൽ വിശ്വാസിയുടെ മരണത്തോടെ മാത്രമേ ഈ ഇടപാട് പൂർത്തിയാകൂ. വിശ്വാസിയിൽനിന്ന് വാങ്ങിയ അവന്റെ ദേഹവും ധനവുമെല്ലാം അല്ലാഹു കൈപ്പറ്റുന്ന സന്ദർഭമാണ് മരണം. ഈ ഏറ്റുവാങ്ങലിന് ശേഷമേ വിശ്വാസിക്ക് അതിന്റെ വില ലഭിക്കൂ. കച്ചവടത്തിനും കൈപ്പറ്റലിനുമിടയിൽ കച്ചവടക്കാരൻ വിറ്റ വസ്തുവിൽ ഏതെങ്കിലും തരത്തിലുള്ള കുറവോ തട്ടിപ്പോ വെട്ടിപ്പോ നടത്തിയിട്ടുണ്ടെങ്കിൽ പറഞ്ഞുറച്ച വിലയെയും അതു ബാധിക്കും. വിറ്റ ചരക്കിന്റെ തൂക്കവും ഗുണനിലവാരവും ഒക്കെ കുറക്കുന്ന കള്ളക്കച്ചവടക്കാരുണ്ടല്ലോ. ചിലർ ചരക്ക് കൈമാറുമ്പോഴേക്കും അതിന്റെ ഘടകങ്ങൾ പലതും മാറ്റിയിരിക്കും. ചിലപ്പോൾ സാധനത്തിന്റെ പാക്കറ്റുമാത്രമായിരിക്കും കൈമാറുന്നത്. ഇത്തരം തട്ടിപ്പുകളെല്ലാം അല്ലാഹുവുമായുള്ള കച്ചവടത്തിലും സാധ്യമാണ്. സൃഷ്ടികളുമായുള്ള ഇടപാടുകളിൽ തട്ടിപ്പും വെട്ടിപ്പും മറച്ചുവെയ്ക്കാൻ ആളുകൾക്ക് കഴിയുന്നു. അഥവാ പിടിക്കപ്പെട്ടാൽ തന്നെ പലവക ന്യായങ്ങളുന്നയിച്ചു രക്ഷപ്പെടുന്നു. പക്ഷേ, അല്ലാഹുവുമായുള്ള ഇടപാടിൽ അതു നടക്കില്ല. താനുമായി നടത്തിയ ഇടപാടിൽ അടിമ നടത്തുന്ന ഓരോ നെറികേടും അവൻ അപ്പപ്പോൾ അറിയുകയും രേഖപ്പെടുത്തി വെക്കുകയും ചെയ്യുന്നുണ്ട്. എല്ലാറ്റിനും തെളിവുകളും സാക്ഷികളുമുണ്ടായിരിക്കും. ഈ കണക്ക് കൃത്യമായി പരിശോധിച്ച ശേഷമേ അല്ലാഹു നമുക്ക് വില നൽകൂ. അതിനാൽ അല്ലാഹുവുമായുള്ള കച്ചവടത്തിന്റെ താൽപര്യങ്ങൾ ഒട്ടും മാനിക്കാതെ ജീവിതത്തെ തോന്നിയപടി കൈകാര്യം ചെയ്യുന്നവർക്ക് വിശ്വാസത്തിന്റെ വിലയൊന്നും കിട്ടാൻ ബാക്കിയില്ലാതാവുക മാത്രമല്ല, വിറ്റ സാധനം സ്വയം ഉപയോഗിച്ചതിന്റെ പേരിൽ നഷ്ടപരിഹാരം (വിശ്വാസവഞ്ചനയുടെ ശിക്ഷ) ഏൽക്കേണ്ടി വരികയും ചെയ്യും.

സ്വർഗം വാഗ്ദാനം ചെയ്തുകൊണ്ട് അല്ലാഹു വിശ്വാസികളിൽനിന്ന് വാങ്ങിയിട്ടുള്ളത് അവരുടെ ഭക്തിയോ ആരാധനയോ മാത്രമല്ല, വ്യക്തി ജീവിതമോ സ്വകാര്യ ജീവിതമോ കുടുംബ ജീവിതമോ മാത്രവുമല്ല; അവൻ വിശ്വാസികളുടെ അൻഫുസും അംവാലും മൊത്തമായിത്തന്നെ വാങ്ങിയിരിക്കുന്നു. ആത്മാവിനെയും മനസ്സിനെയും ജീവനെയും ശരീരത്തെയും എല്ലാം ഉൾക്കൊള്ളുന്ന പദമാണ് نفس. അതിന്റെ ബഹുവചനമാണ് أنفس. ശരീരത്തിൽനിന്നും മനസ്സിൽനിന്നും അന്യമായി മനുഷ്യനുള്ളതെല്ലാം അവന്റെ മുതലുകൾ -أموال- ആകുന്നു. മനുഷ്യജീവിതത്തിന്റെ ആന്തരികവും ബാഹ്യവും, ആത്മീയവും ഭൗതികവുമായ എല്ലാം ഈ രണ്ടിലൊന്നിൽ പെട്ടതാണ്. അവയിൽനിന്ന് അന്യമായി മനുഷ്യന് യാതൊന്നുമില്ല. നമ്മുടെ ഭക്തിയും ആരാധനയും മാത്രമാണ് അല്ലാഹുവിന്നവകാശപ്പെട്ടതെന്നും ജീവിതത്തിന്റെ മറ്റു കാര്യങ്ങളെല്ലാം നമുക്ക് സ്വേഛാനുസാരം കൈകാര്യം ചെയ്യാനവകാശമുണ്ടെന്നുമുള്ള ചിന്താഗതിയെ ഈ സൂക്തം നിഷേധിക്കുന്നു. മനുഷ്യജീവിതത്തിന്റെ പുരോഗമനാത്മകമായ മാറ്റങ്ങളോടൊപ്പം സഞ്ചരിക്കാൻ പര്യാപ്തമല്ലാത്ത വിശ്വാസങ്ങളും ദർശനങ്ങളും പുലർത്തുന്ന മതവിഭാഗങ്ങൾ അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ നിർബന്ധിതരാവുക സ്വാഭാവികമാണ്. ദൈവത്തിനുള്ളത് ദൈവത്തിന്, സീസർക്കുള്ളത് സീസർക്ക് എന്നാണവരുടെ പ്രമാണം. പക്ഷേ, ഏകനായ അല്ലാഹു തന്നിൽ വിശ്വാസമർപ്പിക്കുന്നവരുടെ ജീവിതത്തിന്റെ യാതൊരംശവും അവനല്ലാത്ത -സീസറാകട്ടെ, ചെകുത്താനാകട്ടെ- ആർക്കും വിട്ടുകൊടുത്തിട്ടില്ല. അടിമയുടെ ഭക്തിയും ആരാധനയും എന്നപോലെ സ്വകാര്യ ജീവിതവും സാമ്പത്തിക ജീവിതവും രാഷ്ട്രീയ ജീവിതവുമെല്ലാം അവൻ തന്നെ വാങ്ങിയിരിക്കുന്നു. പ്രകൃത സൂക്തത്തിൽ വിശ്വാസികളും അല്ലാഹുവും തമ്മിലുള്ള കച്ചവടത്തെ പരാമർശിച്ച ഉടനെ കച്ചവടത്തിന്റെ താൽപര്യമായി ദൈവിക മാർഗത്തിലുള്ള പോരാട്ടവും കൊലയും കൊല്ലപ്പെടലും പരാമർശിച്ചത് ശ്രദ്ധേയമാണ്. അതൊന്നും വ്യക്തിജീവിതത്തിലൊതുങ്ങുന്ന ഭക്തിയിലും നാമജപ പൂജാദി അനുഷ്ഠാനങ്ങളിലും ഒട്ടും പ്രസക്തമാകുന്ന കാര്യമല്ല. സ്പഷ്ടമായും സാമൂഹിക രാഷ്ട്രീയ ജീവിതവുമായിട്ടാണവക്ക് ബന്ധം. يُقَـٰتِلُونَ فِى سَبِيلِ ٱللَّهِ فَيَقْتُلُونَ وَيُقْتَلُونَ എന്ന വാക്യത്തിലൂടെ, ജീവിതം അല്ലാഹുവിന് വിറ്റ വിശ്വാസിക്ക് സ്വന്തം ശരീരമോ ശരീരേഛകളോ അഭിനിവേശങ്ങളോ സമ്പത്തോ സന്തതികളോ ഒന്നും അവന്റെ പ്രീതിയുടെ മാർഗത്തിൽനിന്ന് മാറ്റിനിർത്താൻ പഴുതില്ല എന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ദൈവിക മാർഗത്തിലുള്ള സമരത്തിൽ കൊല്ലപ്പെട്ടാൽ അയാൾ സത്യത്തിന്റെയും ധർമത്തിന്റെയും രക്തസാക്ഷിയാണ്. കൊല്ലപ്പെട്ടില്ലെങ്കിലും ആദരണീയനായ മുജാഹിദാണ്. ജീവിതം മുഴുവൻ അല്ലാഹുവിന് സമർപ്പിച്ചതിലൂടെ അല്ലാഹുവുമായുള്ള കച്ചവടക്കരാർ രണ്ടുപേരും പൂർത്തീകരിച്ചിരിക്കുന്നു.

ഖുർആൻ പറയുന്നത് ഇങ്ങനെയാണെങ്കിലും മുകളിൽ സൂചിപ്പിച്ച മതവിഭാഗങ്ങളെ കണ്ണടച്ചു അനുകരിച്ചുകൊണ്ട്, സാമ്പത്തിക സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിലുള്ള ഇസ്‌ലാമിക തത്ത്വങ്ങളെയും ധർമങ്ങളെയും നിഷേധിക്കുന്ന മുസ്‌ലിം സഹോദരന്മാർ ഏറെയുണ്ട്. ചിലമതസംഘടനകൾ പോലും ഭക്തിയും ആരാധനാനുഷ്ഠാനങ്ങളും അല്ലാഹുവിനു മാത്രമാക്കിയാൽ അവനുമായുള്ള നമ്മുടെ കച്ചവടം പൂർത്തിയായി എന്ന നിലപാടുകാരാണ്. ചില ഉത്തരാധുനിക ഭ്രമക്കാർ കുറച്ചുകൂടി മുന്നോട്ടുപോയി അനുഷ്ഠാനങ്ങളും ആചാരങ്ങളും പോലും പ്രാദേശിക സംസ്കൃതികളും സമ്പ്രദായങ്ങളുമായി മാറ്റേണ്ടതാണെന്ന നിലപാടിലെത്തിയിരിക്കുന്നു. ഇസ്‌ലാമിന്റെ സാർവലൗകികതയെക്കുറിച്ചു പറയുമ്പോൾ 'ഛീ, പാൻ ഇസ്‌ലാമിസം' എന്ന് പറഞ്ഞ് അവർ ചെവിപൊത്തുകയായി. ഇസ്‌ലാമിന്റെ സാമൂഹിക രാഷ്ട്രീയ ധർമങ്ങളെക്കുറിച്ചു കേട്ടാൽ 'ദാ വരുന്നു മതരാഷ്ട്രവാദം' എന്നാക്രോശിക്കുകയുമായി. അവർക്ക് വേണ്ടത് സാമൂഹിക രാഷ്ട്രീയ മാനങ്ങളില്ലാത്ത ജാഹിലിയ്യത്തുകളുടെ പൊള്ളയായ വർണപ്പകിട്ടുകളുടെ സംഘടിതമായ, സംഭവലോകത്തു നിലനിൽക്കാത്തതും നോക്കുന്നവരുടെ കണ്ണിൽമാത്രം നിലനിൽക്കുന്നതുമായ മഴവിൽ ഇസ്‌ലാമിനെയാണ്.

ജീവിതത്തെ പൂർണമായി അല്ലാഹുവിനു സമർപ്പിക്കാൻ വൈമുഖ്യമുള്ളവർക്ക് തീർച്ചയായും ആകർഷകമായ ഒരാശയം തന്നെയാണ് ഈ സാങ്കൽപിക ഇസ്‌ലാം. അല്ലാഹുവിനെയും ഭൗതികാസക്തികളെയും –شهوات– ഒരേസമയം ദൈവമാക്കാൻ അതുവഴി കഴിയുമല്ലോ. ഇതെക്കുറിച്ചു അല്ലാഹു ചോദിക്കുന്നു: أَفَرَءَيْتَ مَنِ ٱتَّخَذَ إِلَٰهَهُۥ هَوَىٰهُ (സ്വേഛയെ ദൈവമാക്കിയവനെ നീ കണ്ടുവോ?–45:23). തുടർന്ന് അല്ലാഹു അവനെ അറിഞ്ഞുകൊണ്ട് വഴിതെറ്റിച്ചിരിക്കുന്നുവെന്നും –وَأَضَلَّهُ ٱللَّهُ عَلَىٰ عِلْمٍ– തുടർന്ന് പറയുന്നുണ്ട്. മറ്റൊരിടത്ത് അത്തരക്കാരെ അവരുടെ നിലപാടിൽ നിന്ന് പിന്തിരിപ്പിക്കുക അസാധ്യമാണെന്ന് സൂചിപ്പിച്ചുകൊണ്ട് പ്രവാചകനോടു പറയുന്നു: നിനക്കാകുമോ അവന്റെ രക്ഷകനാകാൻ –أَفَأَنتَ تَكُونُ عَلَيْهِ وَكِيلًا –25:43). സ്വേഛകളെ ആരും വിഗ്രഹമായി പ്രതിഷ്ഠിച്ചു പൂജിക്കുന്നില്ല. അവനവന്റെ അഭിപ്രായങ്ങൾക്കും അഭിനിവേശങ്ങൾക്കും അപ്രമാദിത്വം കൽപിക്കുകയും അതിനോട് വിയോജിക്കുന്നതിനെയെല്ലാം തിരസ്കരിക്കുകയും ചെയ്യുമ്പോഴാണ് അവൻ സ്വേഛകളുടെ ആരാധകനാകുന്നത്. സ്വേഛകളോട് യോജിക്കുന്ന കാര്യങ്ങളിൽ അയാൾ ദൈവവിശ്വാസിയും ഭക്തനും തന്നെയായിരിക്കും. പക്ഷേ, അത്തരം ഭാഗികമായ അടിമപ്പെടൽ അല്ലാഹു അംഗീകരിക്കുന്നില്ല. ഖുർആൻ പറഞ്ഞു:

وَمِنَ ٱلنَّاسِ مَن يَعْبُدُ ٱللَّهَ عَلَىٰ حَرْفٍۖ فَإِنْ أَصَابَهُۥ خَيْرٌ ٱطْمَأَنَّ بِهِۦۖ وَإِنْ أَصَابَتْهُ فِتْنَةٌ ٱنقَلَبَ عَلَىٰ وَجْهِهِۦ خَسِرَ ٱلدُّنْيَا وَٱلْـَٔاخِرَةَۚ ذَٰلِكَ هُوَ ٱلْخُسْرَانُ ٱلْمُبِينُ ﴿١١﴾

(ഒരു ഓരത്തുനിന്നുകൊണ്ട് അല്ലാഹുവിന്ന് വഴിപ്പെടുന്ന ചില ആളുകളുമുണ്ട്. അതുകൊണ്ടു ഗുണംകിട്ടുകയാണെങ്കിൽ അവർ തൃപ്തരാകുന്നു. വല്ല പരീക്ഷണവും ബാധിച്ചാലോ മുഖം തിരിക്കുകയായി. അത്തരക്കാർക്ക് ഇഹവും പരവും നഷ്ടപ്പെട്ടിരിക്കുന്നു. അതത്രെ തെളിഞ്ഞ നഷ്ടം –22:11)."

ജീവിതത്തെ സമഗ്രമായി അല്ലാഹുവിനു സമർപ്പിക്കുകയാണ് ഈമാനിന്റെ താൽപര്യമെന്ന് വ്യക്തമാക്കുന്ന വേറെയും പല സൂക്തങ്ങൾ ഖുർആനിലുണ്ട്. ഉദാഹരണമായി സൂറ *അൽ അൻആമി*ലെ 162,163 സൂക്തങ്ങൾ:

قُلْ إِنَّ صَلَاتِى وَنُسُكِى وَمَحْيَاىَ وَمَمَاتِى لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿١٦٢﴾ لَا شَرِيكَ لَهُۥۖ وَبِذَٰلِكَ أُمِرْتُ وَأَنَا۠ أَوَّلُ ٱلْمُسْلِمِينَ ﴿١٦٣﴾

(നീ പ്രഖ്യാപിക്കുക, എന്റെ ആരാധനയും അനുഷ്ഠാനവും ജീവിതവും മരണവുമെല്ലാം സർവ ലോകനാഥനായ അല്ലാഹുവിനു വേണ്ടിയാകുന്നു. അവന് പങ്കാളികളാരുമില്ല. ഇതാകുന്നു ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. ഞാൻ മുസ്‌ലിംകളിൽ –സ്വയം സമർപ്പിച്ചവരിൽ– ഒന്നാമനാകുന്നു). ഇത്തരം അർഥശങ്കക്കിടമില്ലാത്ത സൂക്തങ്ങൾ ഖുർആനിൽ പാരായണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നേടത്തോളം കാലം ദീനുൽ ഇസ്‌ലാമിന്റെ സമഗ്രതക്കും സാർവലൗകികതക്കുമെതിരെ വാളെടുക്കുന്നവർ യഥാർഥത്തിൽ വാളെടുക്കുന്നത് ഖുർആനിനെതിരെയാണ്. ഖുർആനിൽ കാതലായ തിരുത്തുവരുത്താതെ അവരാഗ്രഹിക്കുന്ന തരത്തിലുള്ള ഇസ്‌ലാം സാധ്യമാവില്ല എന്നതാണ് വസ്തുത. ഖുർആനിനെതിരെ നേരിട്ട് യുദ്ധം പ്രഖ്യാപിക്കാനോ തിരുത്ത് നിർദേശിക്കാനോ ധൈര്യമില്ലാത്തവർ ഖുർആനിനെ വിട്ട് അതിന്റെ ആശയങ്ങൾ പ്രബോധനം ചെയ്യുന്നവരെ മതമൗലികവാദികൾ, മതരാഷ്ട്രവാദികൾ, ഭീകരവാദികൾ എന്നെല്ലാം ആക്ഷേപിക്കുക എന്ന തന്ത്രമാണ് അവലംബിച്ചു വരുന്നത്.

മനുഷ്യന്റെ സ്രഷ്ടാവ് അല്ലാഹുവാണ്. അതുകൊണ്ട് മാനുഷികമായ സകലതിന്റെയും ഉടമയും വിധാതാവും അവൻ തന്നെയാണ്. ഇങ്ങനെ ആത്യന്തികമായി അവന്റെ തന്നെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള അൻഫുസും അംവാലുമാണ് മനുഷ്യനിൽനിന്ന് അല്ലാഹു വിലയ്ക്കു വാങ്ങുന്നത്. ഈ വാങ്ങപ്പെടുന്ന ചരക്കുകളാവട്ടെ മനുഷ്യൻ മരിക്കുവോളം അവന്റെ കൈവശം തന്നെയുണ്ട്. അപ്പോൾ യഥാർഥത്തിൽ അല്ലാഹു വിലയ്ക്കുവാങ്ങിയത് എന്താണ്? മനുഷ്യന്റെ യോഗ്യതകളും ശക്തികളുമെല്ലാം അല്ലാഹു അവന്ന് ദാനം ചെയ്തതാണ്. ഇതിൽ പലതും അല്ലാഹു നിശ്ചയിച്ച വ്യവസ്ഥയനുസരിച്ചു മാത്രമേ പ്രവർത്തിക്കൂ. അതിൽനിന്ന് കടുകിട തെറ്റാൻ മനുഷ്യനാവില്ല. കണ്ണുകൊണ്ടു മാത്രമേ കാണാനാകൂ. ചെവികൊണ്ട് മാത്രമേ കേൾക്കാൻ കഴിയൂ. എങ്കിലും ഈ കഴിവുകൾ വിനിയോഗിക്കുന്ന കാര്യത്തിൽ മനുഷ്യന് വിവേചന സ്വാതന്ത്ര്യമുണ്ട്. എന്തുകാണണമെന്നും കേൾക്കണമെന്നും കൈകാലുകൾകൊണ്ട് എന്തുപ്രവർത്തിക്കണമെന്നുമൊക്കെ മനുഷ്യന് സ്വയം തീരുമാനിക്കാം. ഈ തീരുമാനാധികാരവും അല്ലാഹു തന്നെയാണ് അവന് നൽകിയിരിക്കുന്നത്. അല്ലാഹു ദാനം ചെയ്തതൊന്നും അവൻ വെറുതെ തിരിച്ചു വാങ്ങുകയില്ല. മനുഷ്യന് നൽകിയ സ്വാതന്ത്ര്യം അവൻ മനുഷ്യനിൽനിന്ന് വാങ്ങുന്നത് ശാശ്വത സ്വർഗം വിലയായി നൽകിക്കൊണ്ടാണ്.

ദൈവത്തെ നിഷേധിക്കാനും ധിക്കരിക്കാനും സ്വാതന്ത്ര്യമുണ്ട്. മോഷ്ടിക്കാനും മദ്യപിക്കാനും തല്ലാനും കൊല്ലാനും വ്യഭിചരിക്കാനുമെല്ലാം സ്വാതന്ത്ര്യമുണ്ട്. അതുപോലെ ദൈവത്തിൽ വിശ്വസിക്കാനും അവനെ ആരാധിക്കാനും സത്യസന്ധനും ധർമിഷ്ഠനും സമസൃഷ്ടി സ്നേഹിയും പരോപകാരിയുമായി വാഴാനും സ്വാതന്ത്ര്യമുണ്ട്. അവിശ്വാസിക്ക് ഇതിലേതു വേണമെങ്കിലും യഥേഷ്ടം തെരഞ്ഞെടുക്കാം. സത്യവിശ്വാസിക്ക് ആ സ്വാതന്ത്ര്യമില്ല. ഒടുവിൽ പറഞ്ഞതു മാത്രമേ അവർക്ക് തെരഞ്ഞെടുക്കാനാവൂ. ആദ്യം പറഞ്ഞവ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവൻ വിശ്വാസ പ്രഖ്യാപനത്തിലൂടെ അല്ലാഹുവിനു വിറ്റിരിക്കുന്നു. ഇതാണ് അല്ലാഹുവും വിശ്വാസികളും തമ്മിലുള്ള ഇടപാടിന്റെ യാഥാർഥ്യം.

ജീവിത സമർപ്പണത്തിന് അല്ലാഹു വാഗ്ദാനം ചെയ്യുന്ന വില സ്വർഗമാകുന്നു എന്നതാണ് ശ്രദ്ധേയമായ മറ്റൊരു സംഗതി. ഇതിനർഥം സന്മാർഗ ജീവിതം കൊണ്ട് ഈ ലോകത്ത് ഒരു നേട്ടവുമില്ല എന്നല്ല. ഭൗതിക സൗഭാഗ്യങ്ങളുടെയും അവകാശികളാണ് വിശ്വാസികളെന്ന് ഖുർആൻ പലയിടത്തും സൂചിപ്പിക്കുന്നുണ്ട്. ഉദാഹരണമായി സൂറ *അൽ അഅ്റാഫ്* 32-ാം സൂക്തത്തിൽ പറയുന്നു:

قُلْ مَنْ حَرَّمَ زِينَةَ ٱللَّهِ ٱلَّتِىٓ أَخْرَجَ لِعِبَادِهِۦ وَٱلطَّيِّبَـٰتِ مِنَ ٱلرِّزْقِ ۚ قُلْ هِىَ لِلَّذِينَ ءَامَنُوا۟ فِى ٱلْحَيَوٰةِ ٱلدُّنْيَا خَالِصَةً يَوْمَ ٱلْقِيَـٰمَةِ ۗ كَذَٰلِكَ نُفَصِّلُ ٱلْـَٔايَـٰتِ لِقَوْمٍ يَعْلَمُونَ ﴿٣٢﴾

(പ്രവാചകൻ ജനത്തോടു പറയുക: അല്ലാഹു അവന്റെ ദാസന്മാർക്കായി ഉളവാക്കിയ അലങ്കാരങ്ങളെയും ദൈവിക ദാനമായ ഉത്തമ വിഭവങ്ങളെയും വിലക്കുന്നവനാര്? പറയുക: ഈ വിഭവങ്ങളെല്ലാം ഭൗതിക ജീവിതത്തിൽ വിശ്വാസികൾക്കുള്ളതാകുന്നു. അന്ത്യനാളിലോ അതവർക്കു മാത്രമുള്ളതായിരിക്കും). പക്ഷേ, ഭൗതിക സൗഭാഗ്യങ്ങൾ എല്ലാവർക്കും ലഭിച്ചുകൊള്ളണമെന്നില്ല. വിശ്വാസികൾ അക്രമങ്ങളിൽ നിന്നും പീഡനങ്ങളിൽനിന്നും മുക്തരാകണമെന്നുമില്ല. ഭൗതിക സൗഭാഗ്യങ്ങളുടെ വിതരണത്തിന് അല്ലാഹു നിശ്ചയിച്ച അനുക്രമമുണ്ട്. ആ ക്രമമനുസരിച്ചേ അതു ലഭിച്ചുകൊണ്ടിരിക്കൂ. മോഷണവും കൊള്ളയും നടത്തുന്ന ദൈവധിക്കാരി സുഭിക്ഷമായി ജീവിക്കുമ്പോൾ, അതൊന്നും ചെയ്യാത്ത സത്യസന്ധതയും ധർമബോധവുമുള്ള ദൈവഭക്തൻ പട്ടിണി കിടക്കേണ്ടി വന്നേക്കാം. ദൈവധിക്കാരികൾ സുഖസൗകര്യങ്ങളിലാറാടി നിർഭയരായി വിഹരിക്കുമ്പോൾ ദൈവഭക്തന്മാർ ദുസ്സഹമായ അക്രമമർദനങ്ങൾക്കിരകളായി നരകിച്ചേക്കാം. ചിലപ്പോൾ വിശ്വാസികൾ സമ്പദ്സമൃദ്ധിക്കും പ്രതാപത്തിനും ഉടമകളാവുകയും അക്രമികളെയും അധർമകാരികളെയും അടിച്ചൊതുക്കുകയും ചെയ്തെന്നുംവരാം. അതെല്ലാം ഭൗതികശക്തികളും വിഭവങ്ങളും വിതരണംചെയ്യാൻ നിശ്ചയിക്കപ്പെട്ട നിയമത്തിനും ക്രമത്തിനും വിധേയമായിരിക്കും. ഭൗതികമായ നേട്ടങ്ങളോ കോട്ടങ്ങളോ അല്ല, ദൈവപ്രീതിയും പാരത്രിക സ്വർഗവുമാണ് ഈമാനിന്റെ ലക്ഷ്യം. അതാണ് ഈമാനിന്റെ വിലയായി അല്ലാഹു ഉറപ്പായി വാഗ്ദാനം ചെയ്തിട്ടുള്ളത്. നിഷ്കളങ്കവും നിസ്വാർഥവുമായ ഈമാനിന്റെ ഫലമായി ഈ ജീവിതത്തിലുണ്ടാകുന്ന നഷ്ടങ്ങളും നേട്ടങ്ങളുമെല്ലാം അതിന്റെ പാരത്രിക വിലയുടെ തൂക്കം വർധിപ്പിക്കുകയേ ഉള്ളൂ. ഈമാൻകൊണ്ടും അതിന്റെ താൽപര്യപ്രകാരം പ്രവർത്തിച്ചതുകൊണ്ടും ഭൗതിക ലോകത്ത് എന്തുനേടി എന്നതല്ല, ഈമാൻ എത്രത്തോളം ദൃഢവും നിഷ്കളങ്കവുമാണ് എന്നതാണ് പ്രസക്തം. ഈമാനിന്റെ ദാർഢ്യവും നിഷ്കളങ്കതയും മാറ്റുരക്കുന്ന പല പരീക്ഷണങ്ങളും വിശ്വാസി നേരിട്ടുകൊണ്ടിരിക്കും. ചിലപ്പോഴത് വലിയ ഭൗതിക സൗഭാഗ്യങ്ങളുടെ രൂപത്തിലാവാം; കടുത്ത യാതനകളുടെ രൂപത്തിലുമാവാം. പരീക്ഷണങ്ങളെ വിജയകരമായി നേരിട്ടുകൊണ്ട് ഈമാനിന്റെ മാറ്റ് തെളിയിരിക്കുന്നവർക്കാണ് സ്വർഗം വിലയായി ലഭിക്കുക. വിശുദ്ധ ഖുർആനിലൂടെ മാത്രം വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ളതല്ല ഈ പ്രതിഫലം; തൗറാത്ത്, ഇഞ്ചീൽ തുടങ്ങിയ പൂർവവേദങ്ങളിലും ഈ വാഗ്ദാനമുണ്ട്.

പൂർവവേദങ്ങളിൽ ഈ വാഗ്ദാനം വന്നിട്ടുള്ളത് ഇതേ വാക്കുകളിൽ തന്നെയാവണമെന്നില്ല. ഇതേ വാക്കുകളിൽതന്നെ ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് ലഭ്യമാകുന്ന തൗറാത്തിൽനിന്നും ഇഞ്ചീലിൽനിന്നും അത് നഷ്ടപ്പെടുകയോ തിരുത്തപ്പെടുകയോ ചെയ്തിരിക്കുന്നു. എങ്കിലും ഈ ആശയമുള്ള വാക്യങ്ങൾ രണ്ടു വേദങ്ങളിലും ഇപ്പോഴുമുണ്ട്. ഉദാഹരണമായി ബൈബിൾ പഴയനിയമം 6:4-5 ൽ പറയുന്നു: "ഇസ്രയേലേ കേട്ടാലും, നമ്മുടെ ദൈവമായ കർത്താവത്രെ ഏക കർത്താവ്. നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും ആത്മാവോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കണം." ആവർത്തന പുസ്തകം 32:6-ൽ പറയുന്നു: "അവൻ നിന്റെ പിതാവല്ലയോ? നിന്നെ സൃഷ്ടിച്ചവൻ, നിന്നെ നിർമിച്ചവൻ, നിന്റെ പരിപാലകൻ." പുതിയ നിയമം മത്തായി 19:29 ൽ പറയുന്നു: "എന്റെ പേരിൽ സ്വഭവനങ്ങളെയോ സഹോദരന്മാരെയോ സഹോദരിമാരെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ ഭൂസ്വത്തുക്കളെയോ ഉപേക്ഷിക്കുന്നവന് നൂറിരട്ടി പ്രതിഫലം ലഭിക്കും. അയാൾ നിത്യജീവന് അവകാശിയായിത്തീരും." "നീതിക്കുവേണ്ടി പീഢനമനുഭവിക്കുന്നവർ സൗഭാഗ്യവാൻ. അവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും." (മത്തായി 5:10). "എന്തെന്നാൽ സ്വർഗരാജ്യം അവർക്കുള്ളത്" എന്നാണ് ചില ബൈബിൾ പതിപ്പുകളിലുള്ളത്. "സ്വന്തം ജീവൻ കണ്ടെത്തുന്നവന് അതു നഷ്ടപ്പെടും. എനിക്കുവേണ്ടി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും" (മത്തായി 10:39).

"അല്ലാഹുവിലുപരി വാഗ്ദത്തം പാലിക്കുന്നവനാരുണ്ട്?" എന്ന ചോദ്യത്തിന്റെ താൽപര്യം, ആരുമില്ല എന്ന കാര്യം നിങ്ങൾ തന്നെ നിസ്സന്ദേഹം സമ്മതിക്കുന്നതാണല്ലോ എന്നാണ്. അല്ലാഹുവിന്റെ വാഗ്ദാനത്തിനുള്ള ദൃഢീകരണമാണിത്. സ്വർഗം കൊണ്ട് ഇത്ര ദൃഢമായ സത്യവാഗ്ദാനം ലഭിച്ചിട്ടുള്ളതിനാൽ അല്ലാഹുവുമായി നടത്തിയ കച്ചവടത്തിന്റെ ഭാഗമായി അവന് സമർപ്പിക്കേണ്ടുന്ന സുഖത്തിലും സന്തോഷത്തിലും ശാരീരികാരോഗ്യത്തിലും സമ്പത്തിലും അതിന്റെ പേരിൽ സഹിക്കേണ്ടുന്ന യാതനകളിലും വേദനകളിലും എല്ലാം വിശ്വാസികൾ സന്തോഷിക്കുകയാണ് വേണ്ടത്. കാരണം, അല്ലാഹുവിനു വേണ്ടി വല്ലതും നഷ്ടപ്പെടുത്തുന്നതിലൂടെ അത് ഒരിക്കലും നഷ്ടപ്പെടാത്തവിധം സമ്പാദിക്കുകയാണ് വിശ്വാസി ചെയ്യുന്നത്. ബൈബിൾ പറഞ്ഞതുപോലെ അവനു വേണ്ടി സ്വജീവൻ ബലിയർപ്പിക്കുന്നവൻ ശാശ്വതമായ ജീവൻ നേടുകയാണ്. അതാണ് ഈ ഭൗതിക ജീവിതംകൊണ്ട് ആർജിക്കാവുന്ന ഏറ്റം മഹത്തായ നേട്ടം. ■